**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 537** **10-07-2024 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ഓരോ നിയോജക മണ്ഡലത്തിലും അടിസ്ഥാന വികസന സൗകര്യത്തിനു ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികജാതി ഗ്രാമങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് അംബേദ്കർ ഗ്രാമ വികസന പദ്ധതി. ഓരോ നിയോജക മണ്ഡലത്തിൽ നിന്നും 2 ഗ്രാമങ്ങളെ വീതം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കും. ഓരോ ഗ്രാമത്തിലും പരമാവധി ഒരു കോടി രൂപ അനുവദിക്കുന്നതാണ്.<br><br>ഗ്രാമങ്ങൾക്കുള്ളിലെ റോഡ്/ നടപ്പാത നിർമ്മാണം, കുടിവെള്ള വിതരണം, സൗരോർജത്തിൽ പ്രവൃത്തിക്കുന്ന തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, ഇന്റർനെറ്റ് കണക്റ്റിവിറ്റി സൗകര്യങ്ങൾ, ഗ്രാമത്തിലെ ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഭവന പുനരുദ്ധാരണം, ടോയ്‌ലറ്റ് നിർമ്മാണം/ ഉപയോഗയോഗ്യമാക്കൽ, വിജ്ഞാൻവാടി നിർമ്മാണം/ മെയിന്റനൻസ്, ഗ്രാമത്തിനുള്ളിലെ പൊതു ആസ്തികളുടെ മെയിന്റനൻസ്, പൊതു സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (കളിസ്ഥലം, കാവ്, കുളം ഉൾപ്പടെ) ,സംരക്ഷണഭിത്തി നിർമ്മാണം (മണ്ണിടിച്ചിൽ ഭീഷണിയുള്ള സാഹചര്യത്തിൽ മാത്രം), കിണർ നവീകരണം, സാംസ്കാരിക നിലയം, വായനശാല എന്നിവയുടെ നിർമ്മാണം, എന്നീ പ്രവൃത്തനങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അറിയിക്കാമോ; അവ അടുത്ത കാലത്ത് പുതുക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | അംബേദ്കർ പദ്ധതി നടത്തിപ്പിലെ മാനദണ്ഡങ്ങൾ 06/05/2023 ലെ സ.ഉ. (കൈ) നം.10/2023/ എസ്.സി.എസ്.ടി.ഡിഡി പ്രകാരം സമഗ്രമായി പരിഷ്കരിച്ചിട്ടുണ്ട്. നിലവിലെ മാനദണ്ഡ പ്രകാരം സംസ്ഥാനത്തെ അസംബ്ലി നിയോജക |

| | | | |
|---|---|---|---|
| | | | മണ്ഡലങ്ങളിലുള്ള, ഭൂരിഭാഗം പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും കുറഞ്ഞത് 25 പട്ടികജാതി കുടുംബങ്ങളെങ്കിലും ഉള്ളതുമായ ഗ്രാമങ്ങളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ബന്ധപ്പെട്ട എം.എൽ.എ ശിപാർശ ചെയ്യുന്ന ഗ്രാമങ്ങളുടെ ഫീസിബിലിറ്റി ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ ഉറപ്പാക്കി ഗ്രാമങ്ങളുടെ മുൻഗണന ക്രമത്തിലുള്ള പട്ടിക അംഗീകാരത്തിനായി സമർപ്പിക്കുകയും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പ്രസ്തുത ഗ്രാമങ്ങളെ പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം നൽകുകയും ചെയ്യുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പൂർത്തിയാക്കാത്തതും പൂർത്തിയായിട്ട് കൈമാറാത്തതുമായ ഗ്രാമങ്ങളുടെയും പ്രവൃത്തികളുടെയും അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (സി) | 3 മാസത്തിലൊരിക്കൽ ഗ്രാമതല മോണിറ്ററിംഗ് കമ്മിറ്റി കൂടി പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതും പുരോഗതി രേഖപ്പെടുത്തേണ്ടതുമാണെന്നും ജില്ല/ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ, ഏജൻസി പ്രതിനിധികൾ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ത്രൈമാസ അവലോകന യോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണെന്നും ഓരോ പ്രവൃത്തിയുടേയും കൃത്യമായ പുരോഗതി രേഖപ്പെടുത്തിയ പ്രതിമാസ പുരോഗതി റിപ്പോർട്ട് എല്ലാ മാസവും 5-ാം തീയതിക്ക് മുൻപ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. സർക്കാർ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും അവലോകന യോഗങ്ങൾ സംഘടിപ്പിച്ച് പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഗ്രാമങ്ങളുടെ പുനരുദ്ധാരണം സമയബന്ധിതമായി പൂർത്തിയാക്കാനും പൂർത്തിയാക്കിയവ കൈമാറാനുമുള്ള നടപടികൾ ത്വരിതപ്പെടുത്താമോ? | (ഡി) | അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെട്ട ഗ്രാമങ്ങളുടെ നവീകരണ പ്രവൃത്തികൾ എം.ഒ.യു ഒപ്പിട്ട് ഒരു വർഷത്തിനകം പൂർത്തീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമതലത്തിലും ജില്ലാ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും സർക്കാർ തലത്തിലും യോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ള ഗ്രാമങ്ങൾ പ്രത്യേകമായി കൈമാറുന്ന സാഹചര്യം നിലവിലില്ല. പ്രവൃത്തി പൂർത്തീകരിച്ച ശേഷം ആസ്തികൾ ഉപയോഗിക്കാൻ തുടങ്ങാവുന്നതാണ്. |

സെക്ഷൻ ഓഫീസർ